DWCD/3232/2022-WEC2

I/63771/2022

"ഭരണഭാഷ-മാതൃഭാഷ"

No.DWCD/3232/2022-WEC2

വനിത ശിശുവികസന ഡയറക്ടറുടെ കാര്യാലയം.
പൂജപ്പുര,തിരുവനന്തപുരം
തീയതി . 26-10-2022
E-Mail:directorate.wcd@kerala.gov.in
Phone No.0471–2346534

പരിപത്രം

വിഷയം:- വനിത ശിശുവികസന വകുപ്പ്-വനിതകൾ ഗൃഹനാഥരായ കുടുംബങ്ങളിലെ കുട്ടികൾക്കുള്ള വിദ്യാഭ്യാസ ധനസഹായ പദ്ധതി 2022-23
- **അപേക്ഷ ഫോറത്തിൽ തിരുത്തൽ വരുത്തിയത്-സംബന്ധിച്ച്**

സൂചന:- 1. വനിതാ ശിശു വികസന ഡയറക്ടറുടെ 16/08/2022 ലെ ഇതേ നം. പരിപത്രം

2 വനിതാ ശിശു വികസന ഡയറക്ടറുടെ 17.09/2022 ലെ ഇതേ നം. പരിപത്രം

2. 29/07/2022 ലെ സ.ഉ(സാ.ധാ) നം. 346/2022/WCDD നം. ഉത്തരവ്

വനിതകൾ ഗൃഹനാഥരായിട്ടുള്ള കുടുംബങ്ങളിലെ കുട്ടികൾക്ക് വിദ്യാഭ്യാസ ധനസഹായം നൽകുന്ന പദ്ധതി പദ്ധതി പ്രകാരം 2022-23 വർഷത്തേയ്ക്ക് ഓൺലൈൻ വെബ് സൈറ്റ് മുഖാന്തിരം അപേക്ഷ സ്വീകരിക്കുന്നതിന് സൂചന(1) പ്രകാരം ജില്ലാ വനിതാ ശിശു വികസന ഓഫീസർമാർക്ക് നിർദ്ദേശം നൽകിയിരുന്നു. ടി പദ്ധതിയുടെ അപേക്ഷാ ഫോറത്തിൽ ഐ.സി.ഡി.എസ് സൂപ്പർവൈസറുടെ സാക്ഷ്യപത്രം. അപേക്ഷക അപേക്ഷയോടൊപ്പം അപ്ലോഡ് ചെയ്യേണ്ട രേഖകൾ എന്നിവിടങ്ങളിൽ തിരുത്തലുകൾ വരുത്തിയിട്ടുണ്ട്. അപ്രകാരം ഭേദഗതി വരുത്തിയ സാക്ഷ്യപത്രത്തിന്റെ മാതൃക അനുബന്ധമായി ചേർക്കുന്നു. ടി വിവരം എല്ലാ ശിശു വികസന പദ്ധതി ഓഫീസർമാരുടേയും സൂപ്പർവൈസർമാരുടേയും ശ്രദ്ധയിൽപ്പെടുത്തേണ്ടതും, സാക്ഷ്യപത്രവും, സമർപ്പിക്കേണ്ട രേഖകളും പുതുക്കിയ സർക്കുലർ പ്രകാരമാണ് സമർപ്പിക്കുന്നതെന്ന് ജില്ലാ വനിതാ ശിശു വികസന ഓഫീസർമാർ ഉറപ്പ് വരുത്തേണ്ടതുമാണ്.

വിശ്വസ്തതയോടെ.

വനിത ശിശു വികസന ഡയറക്ടർ

എല്ലാ ജില്ലാ വനിത ശിശു വികസന ഓഫീസർമാർക്കും
എല്ലാ പ്രോഗ്രാം ഓഫീസർമാർക്കും.
എല്ലാ ശിശു വികസന പദ്ധതി ഓഫീസർമാർക്കും

<u>പകർപ്പ്</u>

1. സൂപ്രണ്ട്, ആഡിറ്റ് സെക്ഷൻ
2. ഫിനാൻസ് ഓഫീസർ
3. ഡയറക്ടറുടെ സി.എ
4. സ്റ്റോക്ക് ഫയൽ

<u>സൂപ്പർവൈസറുടെ അന്വേഷണ റിപ്പോർട്ട്</u>

വനിതകൾ ഗൃഹനാഥരായിട്ടുള്ളവരുടെ കുട്ടികൾക്കുള്ള വിദ്യാഭ്യാസ ധനസഹായ പദ്ധതി പ്രകാരം ധനസഹായത്തിന് അപേക്ഷ സമർപ്പിച്ച........................................................................................................

..........................................................................................................................(പേരും മേൽവിലാസവും)

നിയമപരമായി വിവാഹത്തിലൂടെയല്ലാതെ അമ്മ ആയതാണെന്നും, ടിയാൾ പുനർ വിവാഹം ചെയ്തിട്ടില്ലെന്നും ബോദ്ധ്യപ്പെട്ടിരിക്കുന്നതിനാൽ മേൽ അപേക്ഷ ശുപാർശ ചെയ്യുകൊള്ളുന്നു.

സ്ഥലം — സൂപ്പർവൈസറുടെ പേര്

തീയതി — ഒപ്പ്

**<u>അപേക്ഷക അപേക്ഷയോടൊപ്പം അപ് ലോഡ് ചെയ്യേണ്ട രേഖകൾ</u>**

1. അപേക്ഷക BPL (മുൻഗണനാ വിഭാഗം) കുടുംബത്തിൽപ്പെട്ട ആളാണെന്നും APL ആണെങ്കിൽ അർഹതപ്പെട്ട വിഭാഗത്തിൽപ്പെടുന്നവരാണെന്നും തെളിയിക്കുന്ന രേഖകൾ
2. റേഷൻ കാർഡ്, ആധാർ, ഇലക്ഷൻ ID.
3. അപേക്ഷക വനിതാ ഗൃഹനാഥ എന്നു തെളിയിക്കുന്നതിനുവേണ്ടി താഴെപ്പറയുന്ന വിഭാഗ ത്തിൽപ്പെടുന്നതാണെന്ന സർട്ടിഫിക്കറ്റ്
   a. ഭർത്താവ് ഉപേക്ഷിച്ചുപോയവർക്ക്, ഭർത്താവ് ഉപേക്ഷിച്ചു പോയെന്നും വേറെ വിവാഹം ചെയ്തിട്ടില്ലെന്നും തെളിയിക്കുന്ന വില്ലേജ് ഓഫീസറുടെ സർട്ടിഫിക്കറ്റ്.
   b. വിവാഹ ബന്ധം വേർപ്പെടുത്തിയവർക്ക് കോടതി ഉത്തരവിന്റെ പകർപ്പ്. കൂടാതെ പുനർ വിവാഹം ചെയ്തിട്ടില്ലെന്ന വില്ലേജ് ഓഫീസറുടെ സർട്ടിഫിക്കറ്റ്.
   c. ഭർത്താവിനെ കാണാതായി ഒരു വർഷം കഴിഞ്ഞതിനാൽ, ഒരു വർഷം കഴിഞ്ഞു വെന്നും, പുനർ വിവഹാം നടത്തിയിട്ടില്ലായെന്നും ബന്ധപ്പെട്ട വില്ലേജ് ഓഫീസറുടെ സർട്ടിഫിക്കറ്റ്.

4.ഭർത്താവിന് നട്ടെല്ലിന് ക്ഷതമോ പക്ഷാഘാതം മൂലമോ ജോലി ചെയ്യുവാൻ കഴിയാത്ത വിധം കിടപ്പിലായിട്ടുണ്ടെങ്കിൽ ഡോക്ടറുടെ സർട്ടിഫിക്കറ്റ്.

5.നിയമപരമായി വിവാഹത്തിലൂടെയല്ലാതെ അമ്മമാരായ വനിതകളെ സംബന്ധിച്ച ഐ.സി.ഡി.എസ് സൂപ്പർവൈസറുടെ സാക്ഷ്യപത്രം (സി.ഡി.പി.ഒ അപ് ലോഡ് ചെയ്യേണ്ടതാണ്)

6. ബാങ്ക് പാസ്സ് ബുക്ക് അക്കൗണ്ട് നമ്പർ വരുന്ന പേജ് (അപേക്ഷകയുടേയും കുട്ടിയുടേയും പേരിലുള്ള ജോയിന്റ് അക്കൗണ്ട് ).



Sk/